## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1631** **31-01-2018-ൽ മറുപടിയ്ക്ക്**

### <u>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോഴി ഫാമുകൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ശശി** | | **അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ആവശ്യമായ കോഴി ഇറച്ചി (ബ്രോയിലർ കോഴി/മുട്ടക്കോഴി/താറാവ്), കോഴി മുട്ട എന്നിവയുടെ ആവശ്യകത എത്ര എന്നും സംസ്ഥാനത്ത് ഇവയുടെ ഉല്പാദനം എത്ര എന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവയുടെ കണക്ക് എത്ര എന്നും വ്യക്തമാക്കാമോ; | എ) | 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് കോഴി ഇറച്ചി (ബ്രോയിലർ കോഴി/മുട്ടക്കോഴി/താറാവ്) യുടെ ആവശ്യകത 185950 മെട്രിക് ടൺ ആണെന്നും മുട്ട(കോഴി,താറാവ്, എന്നിവയുടേത്) യുടെ ആവശ്യകത 500 കോടി എണ്ണമാണെന്നും കണക്കാക്കിയിരിക്കുന്നു. പ്രസ്തുത വർഷം കേരളത്തിൽ ആകെ ഉല്പാദിപ്പിച്ച 188760 മെട്രിക് ടൺ പൗൾട്രി ഇറച്ചിയിൽ (കോഴി/താറാവ് മുതലായവ ഉൾപ്പെടെ) 148542 മെട്രിക് ടൺ ഇറച്ചി മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കിയതായിരുന്നു. 2016-17 വർഷത്തിൽ കേരളത്തിലെ മൊത്തം മുട്ട ഉല്പാദനം(കോഴി/താറാവ് മുട്ട ഉൾപ്പെടെ) 234 കോടിയും ഈയിനത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമായത് 208 കോടിയുമാണ്. |
| ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോഴി ഫാമുകൾ എത്ര; ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു; ഇവർ സംസ്ഥാനത്തിനാവശ്യമായ എത്ര ശതമാനം കോഴി ഇറച്ചി(ബ്രോയിലർ കോഴി/മുട്ടക്കോഴി/താറാവ്), കോഴി മുട്ട എന്നിവ ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) | 2012 ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 16980 കോഴി ഫാമുകൾ/ഹാച്ചറീസ് പ്രവർത്തിക്കുന്നുണ്ട്. കോഴി കർഷകരുടെ ആവശ്യാനുസരണം സാങ്കേതിക സഹായം സൗജന്യമായി നൽകുന്നു. കോഴികൾക്ക് സാധാരണ ഉണ്ടാകാറുള്ള അസുഖങ്ങൾക്ക് വേണ്ടിയുള്ള വാക്സിനുകൾ സൗജന്യമായി മൃഗാശുപത്രികൾ വഴി വിതരണം ചെയ്യുന്നു. ഫാമിലെ മരണ നിരക്ക് കൂടുന്ന സാഹചര്യങ്ങളിൽ റീജിണൽ ലബോറട്ടറി വഴി അത്യാധുനിക സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കി രോഗനിർണ്ണയം വേഗത്തിലും കൃത്യതയോടെയും നടത്തി പ്രതിവിധി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന പൗൾട്രി ഇറച്ചി(കോഴി, താറാവ് മുതലായവ ഉൾപ്പെടെ) 37893 മെട്രിക് ടൺ ആണ്. ഇത് പൗൾട്രി ഇറച്ചിയുടെ ആവശ്യകതയുടെ 20.07 % വരുന്നതാണ്. സംസ്ഥാനത്തെ അംഗീകൃത ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന കോഴി മുട്ട 38.40 ലക്ഷം ആണ്. (സംസ്ഥാനത്തിനാവശ്യമായതിന്റെ 0.08%) |
| സി) | സംസ്ഥാനത്തെ ഫാമുകൾ തകർക്കാനായി ഇതര സംസ്ഥാന ലോബികൾ സംസ്ഥാനത്തിന്റെ ആവശ്യകത മനസ്സിലാക്കി കോഴി ഇറച്ചിയും മുട്ടയും വില കൂട്ടി വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം ഇതിൽ സ്വയം പര്യാപ്തത നേടാനായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | സി) | ഉണ്ട്. മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് മൃഗസംരക്ഷണവകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദനക്ഷമത പൂർണമായും വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും, കർഷകർക്കും വിതരണം ചെയ്യുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കി വരുന്നു.<br>മൃഗസംരക്ഷണ വകുപ്പിന്റെയും , പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പുവർഷം നടപ്പിലാക്കി വരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം 10 താറാവുകളടങ്ങുന്ന 4000 യൂണിറ്റ് സ്ഥാപിച്ച് മുട്ടയുല്പാദനം കൂട്ടുവാൻ ലക്ഷ്യമിട്ട് പദ്ധതി നടത്തി വരുന്നു. മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെപ്‌കോ, കോഴി വളർത്തൽ ഗ്രാമങ്ങൾ<br><br>പദ്ധതി, കെപ്‌കോ ആശ്രയ പദ്ധതി, റൂറൽ ബാക്ക്യാർഡ് പദ്ധതി, കെപ്‌കോ നഗരപ്രിയ പദ്ധതി, കുഞ്ഞുകൈയിൽ കോഴിക്കുഞ്ഞ് പദ്ധതി , കോൾ നിലങ്ങളിലെ കോഴി |

| | | | |
|---|---|---|---|
| | | | വളർത്തൽ പദ്ധതി, ഇന്റഗ്രേഷൻ പദ്ധതി, കോൺട്രാക്റ്റ് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിനുപുറമേ കുടുംബശ്രീ, കെപ്കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴിവളർത്തൽ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ നിർമാണം ആരംഭിച്ചു-- കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചിലവഴിച്ചു നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കുവാൻ 3 കോടി രൂപ ചിലവഴിച്ചു നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ